**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 421** **15-03-2023 - ൽ മറുപടിയ്ക്ക്**

**ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മിൽമയും ക്ഷീരവികസന വകുപ്പും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കുമോ; | (എ) | പാലുല്പാദനത്തിൽ കേരളത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്നു. 2 പശു യൂണിറ്റ് , 5പശു യൂണിറ്റ്, 10 പശു യൂണിറ്റ് എന്നിവയും, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്നീ പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. കൂടാതെ ഡയറി ഫാം സ്ഥാപിക്കുന്നതിനും, ഫാം യന്ത്രവത്ക്കരണത്തിനും ആധുനികവത്ക്കരണത്തിന്റെ ഘടകങ്ങൾക്കുള്ള ധനസഹായവും നൽകി വരുന്നു. ഇതിനു പുറമേ വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും, കറവ യന്ത്രം വാങ്ങുന്നവർക്കും അർഹത മുൻഗണന മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്. 2022-23 മുതൽ ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണം ഉറപ്പാക്കുന്നതിനുമായി ബാങ്ക് വായ്പ എടുക്കുന്ന കർഷകർക്ക് പലിശ ഇളവ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>പാലുൽപാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനു വേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും സംഭരിക്കുക വഴി സ്ഥായിയായ വിപണി ഉറപ്പാക്കുന്നതോടൊപ്പം ന്യായമായ വിലയും നൽകി വരുന്നു. കൂടാതെ കർഷകർക്ക് ആവശ്യമായ കാലിത്തീറ്റ, സൈലേജ്, വയ്ക്കോൽ തുടങ്ങിയവ ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിന്റെ ഫലമായി ക്ഷീരസംഘങ്ങൾ |

<table>
<tr><td></td><td></td><td></td><td>
വഴി സംഭരിക്കുന്ന പാലിന്റെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.
മിൽമയിൽ പാൽ നൽകുന്ന ക്ഷീര സംഘങ്ങൾ വഴിയുള്ള സംഭരണത്തിൽ 2020-21-ൽ 9.04 ശതമാനം വർദ്ധനവും 2021-22-ൽ സംഘങ്ങൾ വഴിയുള്ള സംഭരണത്തിൽ 12.46 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്.
മിൽമയും പരമ്പരാഗത ക്ഷീര സഹകരണ സംഘങ്ങളും മുഖേനയുള്ള ആകെ പാൽ സംഭരണം സംബന്ധിച്ച കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>വർഷം</td><td>ആകെ പാൽ സംഭരണം (ലക്ഷം മെട്രിക് ടണ്ണിൽ)</td></tr>
<tr><td>2016-2017</td><td>5.94</td></tr>
<tr><td>2017-2018</td><td>6.62</td></tr>
<tr><td>2018-2019</td><td>6.80</td></tr>
<tr><td>2019-20</td><td>6.79</td></tr>
<tr><td>2020-2021</td><td>7.12</td></tr>
<tr><td>2021-22</td><td>7.73</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമയുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;</td><td>(ബി)</td><td>മിൽമ ഉപഭോക്താക്കൾക്കാവശ്യമുള്ള രീതിയിലുള്ള വിവിധ ഇനം പാൽ വിപണിയിലെത്തിക്കുന്നതോടൊപ്പം തന്നെ ഗുണമേന്മയുള്ള അസംഖ്യം ഉൽപന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്യ്, ഐസ്ക്രീം തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിൽപനയുടെ മുഖ്യ പങ്ക് മിൽമയ്ക്കാണ്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും മനസിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. വിപണനത്തിന്റെ എല്ലാ മേഖലകളും പരമാവധി പ്രയോജനപ്പെടുത്തി മിൽമ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്താനുള്ള നടപടികൾ മിൽമ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(സി)</td><td>പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് മിൽമ നടത്തിവരുന്ന</td><td>(സി)</td><td>കർഷകരിൽ നിന്നും സംഭരിക്കുന്ന പാലിൽ</td></tr>
</table>

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഇതിനായി മിൽമയ്ക്ക് എന്തെല്ലാം സൗകര്യങ്ങൾ പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | | നിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളു ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. നിലവിൽ നെയ്യ്, വെണ്ണ, പനീർ, പാലട മിക്സ്, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം ഐസ്ക്രീമുകൾ, വ്യത്യസ്തയിനം ഹെൽത്ത് ഡ്രിങ്കുകൾ എന്നിങ്ങനെയുള്ള ഒരു നിര ഉല്പന്നങ്ങളുടെ ശ്രേണി തന്നെ മിൽമയ്ക്കുണ്ട്. മാത്രമല്ല, ഓരോ സാമ്പത്തിക വർഷവും ഒട്ടനവധി പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കാരറ്റ് പേഡ, പാഷൻ ഫ്രൂട്ട് ഐസ്ക്രീം, ചിക്കു ഐസ്ക്രീം, ഫ്രൂട്ട് ആൻറ് നട്ട് ഐസ്ക്രീം മുതലായ പുതിയ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഈ വർഷത്തിൽ പുറത്തിറക്കിയ വെജിറ്റബിൾ ബിരിയാണി മിക്സ്, ഇൻസ്റ്റന്റ് പനീർ ബട്ടർ മസാല, ചോക്ലേറ്റ് പേഡ, ഷുഗർ ഫ്രീ പേഡ തുടങ്ങിയവയും ഈ ഉൽപ്പാദന ശ്രേണിയിൽ ഉൾപ്പെടുന്നു. മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും എല്ലാ മേഖലാ യൂണിയനുകളിലും ഉണ്ടാക്കിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയനി പാൽപ്പൊടി, ലോങ് ലൈഫ് മിൽക്ക്, കണ്ടൻ മിൽക്ക്, ഡയറി വൈറ്റ്നർ തുടങ്ങിയവ ഉത്പ്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. |
| (ഡി) | മിൽമ ഉല്പന്നങ്ങളുടെ വില്പന വർദ്ധിപ്പിക്കുന്നതിന് ഓൺലൈൻ വിപണനം ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ഡി) | ആമസോൺ, ഫ്ളിപ്പ്കാർട്ട് എന്നീ ഓൺലൈൻ വിപണന വെബ്സൈറ്റുകൾ വഴി ഇന്ത്യയിലുടനീളം മിൽമ ഉൽപ്പന്നങ്ങൾ ഇന്ന് ലഭ്യമാണ്. സ്വിഗി, പൊട്ടാഫോ, എ.എം. നീഡ്സ് തുടങ്ങിയ ഓൺലൈൻ ഡെലിവറി സേവന ദാതാക്കൾ വഴിയും മിൽമ ഉൽപ്പന്നങ്ങൾ ലഭിക്കുന്നു. |
| (ഇ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ആരോഗ്യദായകമായ ഭക്ഷ്യവസ്തുക്കൾ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് മിൽമയുടെ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | സ്കൂളുകളിലെ പി.ടി.എ-യുമായി സഹകരിച്ച് മിൽമയുടെ വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ മിൽമ മേഖലാ യൂണിയനുകൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ആരോഗ്യദായക ഭക്ഷ്യ വസ്തുക്കൾ ന്യായമായ വിലയ്ക്ക് കുട്ടികൾക്ക് ലഭ്യമാക്കുവാനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. നിലവിൽ പാലക്കാട് ജില്ലയിൽ 4, കോഴിക്കോട് 6, വയനാട് 2, കണ്ണൂർ 4, കാസർഗോഡ് 4, തൃശ്ശൂർ 2, എറണാകുളം 2, തിരുവനന്തപുരം 2 എന്നിങ്ങനെ 26 സ്കൂളുകളിൽ മിൽമയുടെ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. അടുത്ത അദ്ധ്യയന വർഷത്തിൽ |

| | | | |
|---|---|---|---|
| | | | കൂടുതൽ സ്കൂളുകളിൽ ഈ പദ്ധതി വ്യാപിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ